*ജില്ലാ കളക്ടർക്കും പോലീസ് മേധാവികൾക്കും തുറന്ന കത്ത്:*

# അരുത്, ഇനിയൊരിക്കലും ഇത്തരം ഉന്മാദ പ്രകടനങ്ങൾക്കായി നിരത്തുകൾ കെട്ടിയടയ്ക്കരുത്.

28-12-2013

ബോൺ നത്താലെ എന്ന പേരിൽ തൃശൂർ നഗരത്തിൽ 2013 ഡിസംബർ 27ന് അരങ്ങേറിയ ധൂർത്തിന്റെയും അഹന്തയുടെയും ഉന്മാദ ലഹരികളുടെയും ഘോഷയാത്ര പൊതുസമൂഹത്തെ കുറച്ചൊന്നുമല്ല ബുദ്ധിമുട്ടിച്ചത്. ജനജീവിതത്തെ ഇത്രയേറെ അവഗണിക്കാനും, പീഡിപ്പിക്കാനും, ധനക്കൊഴുപ്പിനും സ്ഥാപന മേധാവിത്വങ്ങൾക്കും അഴിഞ്ഞാടുന്നതിനുമായി നഗരവീഥികളെ അടച്ചുകെട്ടാൻ ആരാണ് നിങ്ങൾക്ക് അധികാരം നൽകിയത്? എന്തധികാരത്തിലാണ്, ഏത് നിയമത്തിന്റെ അടിസ്ഥാനത്തിലാണ് തൃശൂർ നഗരത്തിലെ പൊതുവഴികളിൽനിന്നും ജനങ്ങളെയും അവർ സഞ്ചരിക്കുന്ന വാഹനങ്ങളെയും കുടുസ്സായ വഴികളിലേക്ക് നിങ്ങൾ ആട്ടിയോടിച്ചത്?

ജില്ലാ കളക്ടറും പോലീസ് മേധാവികളും പൊതുജനത്തോട് മറുപടി പറയാൻ ബാധ്യസ്ഥരാണ്. ഇതാണോ ജില്ലാ ഭരണം? ഇങ്ങിനെയുമുണ്ടോ ക്രമസമാധാനപാലനം? ആരുടെ താൽപര്യങ്ങളാണ് നിങ്ങൾ സംരക്ഷിക്കുന്നത്?

മതാധിപതികൾക്ക് രാഷ്ട്രീയാധികാരത്തിലും പോലീസ് മേധാവികളിലുമുള്ള അമിതമായ സ്വാധീനത്തെക്കുറിച്ച് അറിയാഞ്ഞിട്ടല്ല, പക്ഷെ, ആചാരാനുഷ്ഠാനങ്ങൾ ജനദ്രോഹങ്ങളായി മാറുമ്പോൾ അവയെ അശ്ലീലമായും അനാശാസ്യമായും കാണാനും നിയന്ത്രിക്കാനും നിങ്ങൾ നിയമപരമായി ചുമതലപ്പെട്ടവരാണ്.

ക്ഷമിക്കാവുന്നതിലും സഹിക്കാവുന്നതിലും അധികമായിപ്പോയി പൊതുജനത്തോട് കാണിച്ച ഈ ക്രൂരത. രാഷ്ട്രീയ പാർട്ടികൾ വഴികൾ തടഞ്ഞുകൊണ്ട് സമരമേളകൾ നടത്തുമ്പോൾ രോഷം കൊള്ളുന്നവർക്കെന്തേ ഇതൊക്കെ ആകാമെന്നുണ്ടോ?

2013 ഡിസംബർ 27ന് വെള്ളിയാഴ്ച ഉച്ചകഴിഞ്ഞ് 4 മണിമുതൽ 9 മണിവരെയുള്ള സമയത്ത് നിങ്ങളാരെങ്കിലും തൃശൂർ നഗരത്തിലെ ഏതെങ്കിലും തെരുവിലൂടെ യാത്രചെയ്തുവോ? ഇല്ലെങ്കിൽ പറയാം, ദിവാനൻജിമൂല മുതൽ നെല്ലിക്കുന്നുവരെ സ്വന്തം വാഹനത്തിൽ യാത്ര ചെയ്യുന്നതിന് 3 മണിക്കൂറിലേറെ ക്ലേശിക്കുകയും വഴിനീളെ ഭരണാധികാരികളുടെ നെറികേടിനെതിരെ ക്ഷുഭിതരായ ജനങ്ങളുടെ തെറികളും ശാപവചനങ്ങളും കേൾക്കാനിടയാവുകയും ചെയ്ത ഒരാളാണ് ഈ കുറിപ്പെഴുതുന്നത്. പ്രവൃത്തി ദിവസമായ വെള്ളിയാഴ്ച ജോലികഴിഞ്ഞ് വീടണയാൻ തത്രപ്പെടുന്ന ആബാലവൃദ്ധം ജനങ്ങൾ, വാരാന്ത്യമായതിനാൽ സ്വന്തം നാടുകളിലേക്ക് വാഹനമോടിക്കുന്ന ദീർഘദൂര യാത്രക്കാർ, കിഴക്കൻ ദേശങ്ങളിൽനിന്ന് വരുന്ന ബസ്സുകൾ, ചരക്കുവണ്ടികൾ, ടിപ്പർ ഉൾപ്പെടെയുള്ള നൂറുകണക്കിന് വാഹനങ്ങൾ. നഗരത്തിലേക്കുള്ള എല്ലാ വഴികളും അടച്ചുകെട്ടിയ പോലീസ് എന്ത് ബദൽ സംവിധാനമാണ് പൊതുജനങ്ങൾക്കായി ഒരുക്കിയത്? മുന്നോട്ടോ പുറകോട്ടോ ചലിക്കാനാകാതെ വാഹനങ്ങൾ വഴികളിൽ ഞെരിഞ്ഞമർന്നപ്പോൾ, യാത്രക്കാരും കടയുടമകളും, മദ്യപന്മാരായ ഡ്രൈവർമാരും യൂണിയൻ പ്രവർത്തകരും തെരുവിൽ ഭീഷണികളും പോർവിളികളുമായി ഏറ്റുമുട്ടുമ്പോൾ എവിടെ പോയിരുന്നു ക്രമസമാധാന പാലകർ? വഴിനീളെ പൊറുതിമുട്ടിയ ജനം വിളിച്ചുപറഞ്ഞ തെറികളും ശാപവചനങ്ങളും ബോൺ നത്താലെയുടെ തമ്പ്രാക്കന്മാർ കേട്ടിരുന്നുവെങ്കിൽ, ലജ്ജ എന്ന വികാരം അവരിൽ ഇനിയും ശേഷിക്കുന്നുണ്ടെങ്കിൽ, ലോകത്തിന്റെ മുമ്പിൽ അവർ ചെയ്ത ഉതപ്പിന്റെ പേരിൽ ക്രിസ്തു ആവശ്യപ്പെടുന്നതുപോലെ അവർ സ്വന്തം കഴുത്തിൽ കഴുതയുടെ തിരികല്ല് കെട്ടി കടലിൽ ചാടി ചാകണമായിരുന്നു.

മതാധിപതികൾ ധനാധിപതികളും മൂലധന വ്യാപാരികളുമായി അധഃപതിക്കുന്നത് മനസ്സിലാക്കാം. എന്നാൽ പൊതുജനത്തിന്റെ മൗലീകാവകാശങ്ങളും ഭരണഘടന നൽകുന്ന സുരക്ഷിതത്തവും സംരക്ഷിക്കാൻ പ്രതിജ്ഞാബദ്ധരായിരിക്കുന്ന സിവിൽ ഭരണാധികാരികളും നിയമവാഴ്ചയും ക്രമസമാധാനവും പാലിക്കാൻ ചുമതലപ്പെട്ട പോലീസും ജനദ്രോഹപരമായ നടപടികൾക്ക് നേതൃത്വം നൽകുന്നതും അംഗീകാരം നൽകുന്നതും ഭരണഘടനാ ലംഘനവും അധികാര ദുർവ്വിനിയോഗവുമായി കാണേണ്ടിയിരിക്കുന്നു.

ബോൺ നത്താലെയിൽ ഭാരതീയമായി ഒന്നുമില്ല. അതിൽ മതേതര മൂല്യങ്ങളില്ല. ക്രൈസ്തവ വിശ്വാസവുമായി അതിന് ബന്ധമില്ല. ഇതിന്റെ പേരിൽ പൊതുജനങ്ങളുടെ സഞ്ചാരസ്വാതന്ത്ര്യം നിഷേധിക്കുന്നതും പീഡിപ്പിക്കുന്നതും കുറ്റകരവും, അചിന് കാരണക്കാർ ശിക്ഷാർഹരുമാണ്.

ഫാ. അഡ്വ. ജോർജ് പുലികുത്തിയിൽ

എക്സി. ഡയറക്ടർ, ജനനീതി.

ഇ-മെയിൽ: pulikuthiyil@gmail.com